## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 515 — 26/03/2018-ൽ മറുപടിയ്ക്ക്

## പ്രീപ്രൈമറി വിദ്യാഭ്യാസ സമ്പ്രദായം ശാസ്ത്രീയമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ. മുരളി**<br>**,, പുരുഷൻ കടലുണ്ടി**<br>**,, കെ.വി.അബ്ദുൾ ഖാദർ**<br>**,, പി. ഉണ്ണി** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| എ) കളികളിലൂടെയും മറ്റുപ്രവർത്തന ങ്ങളിലൂടെയും ചിന്താശേഷിയും ഭാഷാശേഷിയും സാമൂഹ്യ ഇടപെടലിനുള്ള കഴിവും ആർജ്ജി ക്കുന്നതിന് അനുഗുണമായ തരത്തിലാണോ സംസ്ഥാനത്തെ പ്രീ-പ്രൈമറി വിദ്യാഭ്യാസ സമ്പ്ര ദായമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പി.ടി.എ-യുടെ നിയന്ത്രണത്തിലുള്ള പ്രീപ്രൈമറി വിഭാഗത്തിന്റെ അവസ്ഥാ പഠനം എസ്.സി.ഇ.ആർ.ടി നടത്തിയി ട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലധിഷ്ഠിത മായ പഠന രീതിയാണ് അവലംബിച്ചിരിക്ക ന്നത്. |
| (ബി) മാതൃഭാഷയിൽ ആശയവിനിമയം നടത്തുവാനും കാര്യഗ്രഹണ ശേഷി നേടുവാനുമുള്ള ശിശു ക്കളുടെ അവകാശങ്ങൾ ഹനി ക്കുന്ന പ്രീ.കെ.ജി, എൽ.കെ.ജി., യു.കെ.ജി തുടങ്ങിയ അശാസ്ത്രീയ സമ്പ്രദായം നിരുത്സാഹപ്പെടുത്തു ന്നതിനായി പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗ മായി പ്രീ-പ്രൈമറി വിദ്യാഭ്യാസ പദ്ധതി മെച്ചപ്പെടുത്തുന്നതിനും ശാസ്ത്രീയമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ ത്തിന്റെ ഭാഗമായി പ്രീസ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>• പ്രീ-സ്കൂൾ പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>• 'കളിപ്പാട്ടം' എന്ന പേരിൽ പ്രവർത്തന പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>• അടുത്ത അദ്ധ്യയനവർഷം പുതു ക്കിയ പാഠ്യപദ്ധതിയും അദ്ധ്യാപക സഹായിയും പിൻതുടരുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ വഴി വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>• ശിശു സൗഹൃദ പ്രീസ്കൂളിന്റെ ഗുണ നിലവാര സൂചകങ്ങളുടെ അടിസ്ഥാ നത്തിൽ അദ്ധ്യാപകരെ സജ്ജരാ ക്കുന്നതിനായുള്ള പ്രീസ്കൂൾ |

അദ്ധ്യാപക പരിവർത്തന ഗവേഷണ പരിപാടി 'പ്രശിക്ഷാ-2017' എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പരിശീലനങ്ങൾ, ട്രൈഔട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലകളിലും സംസ്ഥാനത്തും സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

- അങ്കണവാടികൾ ഉൾപ്പെടെയുള്ള പ്രീസ്കൂൾ കേന്ദ്രങ്ങൾ എങ്ങനെ കൂടുതൽ ആകർഷകമാക്കാമെന്നും മെച്ചപ്പെടുത്താമെന്നുമുള്ള ആശയം വികസിപ്പിക്കുന്നതിനായി ദേശീയ തലത്തിൽ വിദഗ്ധരെ അടക്കം പങ്കെടുപ്പിച്ചുകൊണ്ടുള്ള ശിൽപശാല എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ ഇതിനകം നടത്തിയിട്ടുണ്ട്. കൂടാതെ എസ്.സി.ഇ.ആർ.ടി പ്രീസ്കൂൾ വിദ്യാഭ്യാസത്തിനായുള്ള കരിക്കുലം രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രീസ്കൂൾ അധ്യാപകർക്കുള്ള കൈപ്പുസ്തകം വികസിപ്പിച്ചിട്ടുണ്ട്. ഇത് പ്രയോജനപ്പെടുത്തി അദ്ധ്യാപക പരിശീലനം ആരംഭിച്ചിട്ടുണ്ട്. ഇത് വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നു.

| | |
|---|---|
| (സി) പി..ടി.എ. യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നവയുൾപ്പെടെ പ്രീ-പ്രൈമറി സ്കൂളുകൾക്ക് അനുമതി നൽകാനും കുട്ടികൾക്ക് ഉച്ച ഭക്ഷണം നൽകാനും കളിയുപകരണങ്ങൾ വാങ്ങി നൽകാനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) 01/08/2012 വരെയുള്ള സർക്കാർ സ്കൂളുകളിലെ പി.ടി.എ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി സ്കൂളുകൾക്ക് സർക്കാർ അനുമതിയോടെ പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളിലെ റോൾ സ്ട്രെങ്ത്തിൽ ഉൾപ്പെടുത്തി ഉച്ചഭക്ഷണം കുട്ടികൾക്ക് നൽകുന്നു. ഫർണീച്ചർ, കളിക്കോപ്പ്, ബഡ്, ബഡ്ഷീറ്റ് എന്നിവ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ